റോഡുകളിലെ കുഴിയടക്കുന്നതിനായി നൽകിയ കരാർ

212 (809) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിലെ റോഡുകളിലെ കുഴിയടയ്ക്കുന്നതിനായി ഈ വർഷം ഇതുവരെ ആകെ എന്തു തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) കുഴികൾ ഇല്ലാത്ത റോഡുകളിൽ ഇത്തരത്തിൽ കുഴിയടക്കുവാൻ കരാർ നൽകിയതു സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധന നടത്തിയിരുന്നുവോ ;

(സി) ഇത്തരത്തിൽ എത്ര കോടി രൂപയുടെ കരാർ നൽകിയതായാണ് പരിശോധനയിൽ കണ്ടെത്തിയത് ;

(ഡി) ഇത്തരത്തിൽ സംസ്ഥാന ഖജനാവിന് വൻ നഷ്ടം വരുത്തുന്ന ഇല്ലാത്ത കുഴിയടക്കാൻ കരാർ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ റോഡുകളിലെ കുഴിയടക്കുന്നതിനായി നിരത്തുകളും പാലങ്ങളും വിഭാഗം ഈ വർഷം 91.53 കോടി രൂപയും ദേശീയപാത വിഭാഗം 22.15 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം റോഡുകളിലെ കുഴികളുടെ എണ്ണം സംബന്ധിച്ചും അവ നികത്തിയ ശേഷമുള്ള വെരിഫിക്കേഷനുമാണ് നടത്തിയിട്ടുള്ളത്. മറ്റ് അന്വേഷണങ്ങൾ ഒന്നും നടത്തിയിട്ടില്ല.

(സി & ഡി) ബി പിരിവിലെ ഉത്തരത്തിന്റേ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

റോഡ് നിർമ്മാണ രംഗത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

213 (810) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണ രംഗത്ത് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏറ്റെടുത്ത കരാറുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഇല്ലെങ്കിൽ ബദൽ സംവിധാനത്തെ സംബന്ധിച്ച് ആലോചന നടത്തുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) റോഡുകളിൽ ഗട്ടറുകൾ, വെള്ളക്കെട്ടുകൾ എന്നിവ രൂപപ്പെട്ടാൽ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പം കണക്കിലെടുത്ത് സംസ്ഥാനത്ത് നിലവിലുള്ള റോഡുകൾ പുനരുദ്ധരിക്കുന്നതിനും ഉപരിതലം കൂടുതൽ ബലപ്പെടുത്തുന്നതിനുമായി ബി.എം.ആന്റ് ബി.സി.(ബിറ്റ്മെൻ മെക്കാഡം ആന്റ് ബിറ്റുമിനസ് കോൺക്രീറ്റ്) ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനും നടപടികൾ എടുത്തിരുന്നു. 2009-10 കാലഘട്ടത്തിൽ സംസ്ഥാനത്ത് മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഏകദേശം 3000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. അതുപോലെ, റോഡുകളുടെ അറ്റകുറ്റപ്പണികൾ ദീർഘകാലാടിസ്ഥാനത്തിൽ ലോംഗ്ടേം ഹെവി മെയിന്റനൻസ് ആയി നടപ്പിൽ വരുത്തുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും അതനുസരിച്ച് ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണികൾ ലോംഗ്ടേം ഹെവി മെയിന്റനൻസ് പദ്ധതി ആയി നടപ്പിലാക്കിവരികയും ചെയ്യുന്നു. ദേശീയപാത 2010-11 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 412.83 കോടി രൂപയ്ക്കുള്ള 71 പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും അതിൽ 151.68 കോടി രൂപയ്ക്കുള്ള 13 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര റോഡ് ഫണ്ടിലും ഇന്റർസ്റ്റേറ്റ് കണക്ടിവിറ്റിയിലും ഉൾപ്പെടുത്തി 94.27 കോടി രൂപയ്ക്കുള്ള 9 പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇവയുടെ പ്രാരംഭപണികൾ നടന്നുവരുന്നു.

(ബി) പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിലവിലുള്ള കരാർ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രവൃത്തികൾക്കാവശ്യമായ സ്ഥലം ലഭിച്ചതിന് ശേഷമേ പ്രവൃത്തിക്ക് ദീർഘാസുകൾ ക്ഷണിക്കുവാൻ പാടുള്ളൂ എന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

(സി) റോഡുകളുടെ വശങ്ങളിൽ ഓടകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും വെള്ളകെട്ടുകൾ തടയുന്നതിന് മഴക്കാലപൂർവ്വ പ്രവൃത്തികൾ നടത്തുന്നതിനും എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിരത്തുകളിലെ കൊടും വളവുകളും കയറ്റിറക്കങ്ങളും ലഘൂകരിക്കുന്നതിനും ഉപരിതലത്തിന്റെ ക്യാമ്പർ കറക്ഷൻ നടത്തി നഞ്ചാരയോഗ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly